നം.കെഎസ്എ-കെടിഎം.പി.13/696/2016 തീയതി : 02.06.2016

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.10.14 മുതൽ 21.5.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.9.14 മുതൽ 21.5.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.5.2016 മുതൽ 01.6.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ . |
| | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജിമോൻ വി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുട്ടി ജോസഫ് | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാത്യു തോമസ്, (ആക്ടിംഗ്) | 01.04.13 മുതൽ 22.10.13 വരെ |
| | ശ്രീമതി ബിന്ദു ബിജു | 23.10.13 മുതൽ 31.3.15 വരെ |
| സെക്രട്ടറി | ശ്രീ.കെ.ബി.മുകുന്ദലാൽ | 1.4.13 മുതൽ 31.5.13 വരെ |
| | ശ്രീ.സതീഷ് ചന്ദ്രൻ പി. (ഹെഡ് ക്ലർക്ക്, ചാർജ്) | 1.6.13 മുതൽ 30.12.13 വരെ |
| | ശ്രീ.അംബീശൻ ബി.എൻ. | 31.12.13 മുതൽ 11.8.14 വരെ |
| | ശ്രീ.സതീഷ് ചന്ദ്രൻ പി. (ഹെഡ് ക്ലർക്ക്, ചാർജ്) | 12.8.14 മുതൽ 31.10.14 വരെ |
| | ശ്രീ.എച്ച്.മുഹമ്മദ് സലിം | 1.11.14 മുതൽ 31.03.15 വരെ |

### മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിന്ധു കെ.മാത്യു | 1.4.13 മുതൽ 31.3.15 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ ജോഷി ജോസഫ്,<br>ശ്രീ.റഹിം | 1.4.13 മുതൽ 17.7.13 വരെ<br>17.7.13 A.N മുതൽ 31.3.15 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സരസമ്മ വി.എ. | 1.4.2013 മുതൽ 31.3.2015 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിത്ത് ജോൺ മാത്യു | 1.4.13 മുതൽ 31.3.15 വരെ |
| വി.ഇ.ഒ | ശ്രീ.രാജൻ കുട്ടി എൻ.ജി. | 1.4.13 മുതൽ 31.3.15 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കിരൺ റ്റി.ജോസ്<br>ഡോ.നമിത ജോൺ<br>ഡോ.വിദ്യാ മോഹൻ | 1.4.13 മുതൽ 27.12.13 വരെ<br>28.12.13 മുതൽ 18.1.14 വരെ<br>19.1.14 മുതൽ 31.3.15 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പി.കെ.ഗീത | 1.4.2013 മുതൽ 31.3.2015 വരെ |

### ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 2-3 | വസ്തുനികുതി അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പുതിയ നിരക്കിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചിട്ടില്ല |
| 2-4 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല |

| | |
|---|---|
| 2-5 | സ്വകാര്യ ധനവിനിമയ സ്ഥാപനം--തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും അടവാക്കുന്നില്ല |
| 2-6 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-7 | ഡി&ഒ ട്രേഡ് ലൈസൻസ് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നില നിർത്തിയിരിക്കുന്നു. |
| 3-2 | ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങൽ--പദ്ധതി പണത്തിന്റെ പാഴ്ച്ചെലവ് |
| 3-3 | സെക്രട്ടറി ശ്രീ.കെ.ബി.മുകുന്ദലാലിന് സെക്രട്ടറി തസ്തികയിലെ ശമ്പളം നിജപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ശമ്പളം നൽകിയപ്പോൾ അധികം നൽകിയിരിക്കുന്നു |
| 3-4 | തെരുവു വിളക്കുകൾ സ്ഥാപിച്ച വിശദാംശങ്ങൾ ലഭ്യമല്ല |
| 3-5 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2013-14 |
| അനുബന്ധം-2 | ഓഡിറ്റ് സാക്ഷ്യപത്രം 2014-15 |
| അനുബന്ധം 3 | ബാലൻസ് ഷീറ്റ് 2013-14 |
| അനുബന്ധം 4 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2013-14 |
| അനുബന്ധം 5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2013-14 |
| അനുബന്ധം 6 | ബാലൻസ് ഷീറ്റ് 2014-15 |
| അനുബന്ധം 7 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2014-15 |
| അനുബന്ധം 8 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15 |


## ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

## 1-1 ബജറ്റ്

2013-14

2013-14 വർഷത്തെ ബജറ്റ് 25-03-2013 തിയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 164782 |
| വരവ് | 69704500 |
| ആകെ | 69869282 |
| ചെലവ് | 68751300 |
| നീക്കിയിരിപ്പ് | 1117982 |

2014-15

2014-15 വർഷത്തെ ബജറ്റ് 25-02-2014 തിയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3616774 |
| വരവ് | 68652100 |
| ആകെ | 72268874 |
| ചെലവ് | 71595170 |
| നീക്കിയിരിപ്പ് | 1273704 |

## 1-2 വാർഷിക ധനകാര്യപത്രിക.

2013-14

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2014 | 18.07.14 | - | - |

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-15 | 31.07.15 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 16.08.2014 | എൽ.എഫ്.കെ.പി.14/ജി.പി.25/14 തീ.31.12.14 |
| 2014-15 | 17.10.2015 | കെഎസ്എ-കെടിഎം. പി14/ജി.പി.25/15 തീ.31.12.15 |

## 1-4 സാമ്പത്തിക വിശകലനം

2013-14

| | |
|---|---|
| മുന്നിരിപ്പ് | 12795709 |
| വരവ് | 39374680 |
| ആകെ | 52170389 |
| ചെലവ് | 44508542 |
| നീക്കിയിരിപ്പ് | 7661847 |

2014-15

| | |
|---|---|
| മുന്നിരിപ്പ് | 7661847 |
| വരവ് | 52363392 |
| ആകെ | 60025239 |
| ചെലവ് | 41505296 |
| നീക്കിയിരിപ്പ് | 18519943 |

## 1-5 ഫണ്ട് വിനിയോഗം

2013-14

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 827132 | 5211000 | 6038132 | 5509590 | 528542 | 91.24 |
| വികസനഫണ്ട് എസ്.സി.പി. | 31000834 | 4183000 | 7283834 | 6164788 | 1119046 | 84.63 |
| വികസനഫണ്ട് ടി.എസ്.പി. | 1590331 | 2828000 | 4418331 | 3233440 | 1184891 | 73.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 613872 | 5020000 | 5633872 | 5541533 | 92339 | 98.36 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1250716* | 1410000 | 2660716 | 2520002** | 140714 | 73.58 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 119900+ 240 (പലിശ) | 3633000+1138 (പലിശ) | 3752900+1378 (പലിശ) | 3612233 | 142045 (140667+ 1378 പലിശ ) | 96.25 |
| പെർഫോമൻസ് ഗ്രാന്റ് | 695469 | 00 | 695469 | 695469 | 00 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 14587 | 5807827 | 5822414 | 5822414 | 00 | 100 |
| ബി ഫണ്ട് | 0 | 4479722 | 4479722 | 4479722 | 00 | 100 |
| സംയോജിത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം | 276636 | 00 | 276636 | 00 | 276636 | 00 |
| പഞ്ചായത്ത് കെട്ടിട നിർമാണതിനുള്ള സ്പെഷ്യൽ ഫണ്ട് | 29,00,000 | 00 | 2900000 | 2286587 | 613413 | 78.8 |

* മുൻവർഷ റിപ്പോർട്ടിൽ നീക്കിബാക്കി കണക്കാക്കിയത് ട്രഷറി കണക്കുകളിൽ വ്യത്യാസമുള്ള 2297/-രൂപ ഉൾപ്പടെയാണ്. പ്രസ്തുത വ്യത്യാസം "സുലേഖ"കണക്കുകളിലൊഴികെ ഇതിനോടകം പരിഹരിക്കപ്പെട്ടതിനാൽ യഥാർഥ മുന്നിരിപ്പ് 1250716/-രൂപയായി പരിഗണിക്കുന്നു.(1253013-2297=1250716)

* *ദേശീയ തൊഴിലുറപ്പു പദ്ധതിക്കു കൈമാറിയ 560304/-രൂപ ഉൾപ്പടെ.

പൊതു ആവശ്യ ഗ്രാന്റ് :3859000/-രൂപ. ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി ധനകാര്യ വകുപ്പിന്റെ 3.3.2014-ലെ ജി.ഒ(ആർടി)നം.1632/14പ്രകാരം 138351/-രൂപ കൂടി തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 528542 | 9184000* | 9712542 | 6805931 | 2906611 | 70.07 |
| വികസനഫണ്ട് എസ്.സി.പി. | 1119046 | 4732000 | 5851046 | 4014564 | 1836482 | 68.61 |
| വികസനഫണ്ട് ടി.എസ്.പി. | 1184891 | 3250000 | 4434891 | 3134223 | 1300668 | 70.67 |
| സംരക്ഷണഗ്രാന്റ് റോഡ് | 92339 | 5871000 | 5963339 | 5459407 | 503932 | 91.54 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 140714 | 2380304** | 2521018 | 1209892 | 1311126 | 47.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 142045 | 5785869 | 5927914 | 4021973 | 1905941 | 67.84 |
| പെർഫോമൻസ് ഗ്രാന്റ് | 00 | 2296000 | 2296000 | 00 | 2296000 | 00 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 00 | 9455064 | 9455064 | 9455064 | 00 | 100 |
| ബി ഫണ്ട് | 00 | 7186724 | 7186724 | 7186724 | 00 | 100 |
| സംയോജിത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം | 276636 | 225000 | 501366 | 117573 | 383793 | 42 |
| പഞ്ചായത്ത് കെട്ടിട നിർമാണത്തിനുള്ള സ്പെഷ്യൽ ഫണ്ട് | 613413 | 00 | 613413 | 475041 | 138372 | 77.44 |
| ശബരിമല സ്ഫെഷ്യൽ ഫണ്ട് | 00 | 1000000 | 1000000 | 200000 | 800000 | 20 |

പൊതു ആവശ്യ ഗ്രാന്റ് : 45,40,000/-രൂപ. ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി തൻവർഷവും ധനകാര്യ വകുപ്പിന്റെ 11.12.2014-ലെ ജി.ഒ (ആർടി)നം.9330/14പ്രകാരം 147525/-രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

* 7592000/-രൂപയായിരുന്നു സാധാരണ വിഹിതത്തിന്റെ അലോട്ട്മെന്റ്. ഇതോടൊപ്പം നികുതി പിരിവ്

മാനദണ്ഡമനുസരിച്ചുള്ള വിഹിതമായി 1592000/-രൂപയും ലഭിച്ചതുൾപ്പടെയാണ് (9184000/-രൂപ) ആകെ വരവ് നിർണയിച്ചിരിക്കുന്നത്.സാധാരണ വിഹിതത്തിന്റെ 4,8 ഗഡുക്കളിൽനിന്ന് 4,50,000/-രൂപ വീതം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വിലയിനത്തിൽ കുറവു വരുത്തിയിരുന്നു.

**ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്ന് 560304/-രൂപ മുൻ വർഷം ദേശീയ തൊഴിലുറപ്പു പദ്ധതി കൂലിച്ചെലവിനത്തിൽ മുൻകൂറായി നൽകിയത് തൻവർഷത്തെ അലോട്ട്മെന്റിനൊപ്പം ക്രമീകരിച്ചത് ഉൾപ്പടെയാണ് വരവു കണക്കാക്കിയിരിക്കുന്നത്.(യഥാർത്ഥ അലോട്ട്മെന്റ് 18,20,000/-രൂപയാണ്.)

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷങ്ങളിലെ വാർഷികപദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | 2013-14<br>(തീയതികൾ) | 2014-15<br>(തീയതികൾ) |
|---|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 17.7.2012, 18.05.2013 | 28.12.2013 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 22.5.13—30.5.2013 | 20.2.2014-23.2.2014 |
| ഊരുകൂട്ടയോഗങ്ങൾ | -------ടി---- | ----ടി--- |
| ലേബർ ഗ്രാമസഭകൾ | 6.9.2013—9.9.2013 | |
| വികസനസെമിനാർ | 01.06.2013 | 27.5.2014 |
| ഭരണ/സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 28.6.2013-ലെ I ാം നമ്പർ തീരുമാനം (അന്തിമ പദ്ധതി) | ഭരണസമിതിയുടെ29.5.2014 -ലെ I(1) നമ്പർ തീരുമാനം (അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 812/13/ഡിപിസി/ഡിപിഒ /കെടിഎം /തീയതി.03.03.2014 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി) | 980/14/ഡിപിസി/ഡിപിഒ /കെടിഎം /തീയതി.30.05.2015 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 08.10.2013-ലെ I ാംനമ്പർ തീരുമാനം | ഭരണസമിതിയുടെ 30.9.2014-ലെ I ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 27.09.13, 25.10.13 | 18.12.14, 5.3.15, 19.3.15, 26.3.15 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2013-14 | 2014-15 |
|---|---|---|
| വാർഷികപദ്ധതി അടങ്കൽ | 39484651 | 46088867 |
| ആകെ ചെലവ് | 29563642 | 25093120 |
| ചെലവ് ശതമാനം | 74.8 | 54.44 |

**2013-14**

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 75 | 20 | 95 | 71 | 15 | 86 |
| എസ്.സി.പി | 21 | 04 | 25 | 19 | 03 | 22 |
| ടി.എസ്.പി | 13 | 06 | 19 | 12 | 03 | 15 |
| ആകെ | 109 | 30 | 139 | 102 | 21 | 123 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 88.48

**2014-15**

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 121 | 12 | 133 | 78 | 05 | 83 |
| എസ്.സി.പി | 14 | 03 | 17 | 09 | 03 | 12 |
| ടി.എസ്.പി | 16 | 04 | 20 | 10 | 03 | 13 |
| ആകെ | 151 | 19 | 170 | 97 | 11 | 108 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 63.52

വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | 2013-14 | | 2014-15 | |
|---|---|---|---|---|
| | വകയിരുത്തിയതുക | ചെലവഴിച്ച തുക | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
| വികസനഫണ്ട് | 17740297 | 14907818 | 19998479 | 13954718 |
| ആസ്തിപരിപാലനഗ്രാന്റ്- റോഡിതരം | 2663013 | 250002 | 2523315 | 1209892 |
| ആസ്തിപരിപാലനഗ്രാന്റ്- റോഡ് | 5633872 | 5541533 | 5963339 | 5459407 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3752900 | 3612233 | 5927914 | 4021973 |
| ലോകബാങ്ക് ധനസഹായം | 695469 | 695469 | 2296000 | 00 |
| കേന്ദ്രാവിഷ്കൃതപരിപാടി | 2579475 | 00 | 2434875 | 239129 |
| സംസ്ഥാനാവിഷ്കൃതപരിപാടി | 00 | 00 | 1650000 | 00 |
| തനതുഫണ്ട് | 2987000 | 2286587 | 1891288 | 5038 |
| ജില്ലാപഞ്ചായത്ത് വിഹിതം | 00 | 00 | 00 | 00 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 00 | 00 | 225000 | 117573 |
| മറ്റിനങ്ങൾ | 3432625 | 00 | 2903657 | 85390 |
| ആകെ | 39484651 | 29563642 | 46088867 | 25093120 |
| ആകെ ചെലവ് ശതമാനം | 74.8 | | 54.44 | |

## ബി) വാർഷിക പദ്ധതി നിർവഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും കർഷകരും കർഷകത്തൊഴിലാളികളും സാമൂഹ്യവും സാമ്പത്തികമായും ഏറെ പിന്നിൽനിൽക്കുന്ന പട്ടിക ജാതി, പട്ടികവർഗ ജനവിഭാഗങ്ങളുമാണെങ്കിലും അവരുടെ സർവതോന്മുഖമായ വികസനം സാധ്യമാക്കുന്ന സമഗ്രമായ ഒരു വികസനപദ്ധതി തയ്യാറാക്കുവാൻ പന്ത്രണ്ടാം പദ്ധതിക്കാലയളവിലും ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. ഉത്പാദനമേഖലയിലെ പ്രോജക്ടുകൾ ഏറിയ പങ്കും ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം മുൻനിർത്തി ആസൂത്രണം ചെയ്തവ ആയിരുന്നു. ഇതരമേഖലകളായ സേവന, പശ്ചാത്തലമേഖലകളിൽ നടപ്പാക്കിയ ഏതാനും പ്രോജക്ടുകളിലൂടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിഞ്ഞുവെങ്കിലും കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**2013-14**

| നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| 1. കാർഷിക മേഖലയിൽ ജലസേചനക്കിണർ നിർമാണം, ചെറുകിട യന്ത്ര വത്ക്കരണം എന്നിവ നടപ്പാക്കി.<br>2. ക്ഷീര-മൃഗ സംരക്ഷണമേഖലയിൽ പോത്തുകുട്ടിപരിപാലനം, ആടു വളർത്തൽ, കാലിത്തൊഴുത്ത് നിർമാണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി<br>3. ഭവനനിർമാണമേഖലയിൽ മികച്ച നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു.<br>4. രോഗാതുരരായ സാധുജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ , ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കി.<br>5. വനിതാശാക്തീകരണം | 1.ഉത്പാദനമേഖലയിലെ പ്രോജക്ടുകൾ ഘടകസ്ഥാപനങ്ങളുടെ നവീകരണം, അടിസ്ഥാനസൗകര്യവികസനം എന്നിവയിൽ കേന്ദ്രീകരിച്ചതിനാൽ (നടപ്പാക്കിയ പ്രോജക്ടുകളിൽ 6എണ്ണവും ഈ ഗണത്തിൽപ്പെടുന്നു.)കാർഷിക-ക്ഷീര മേഖലകളിൽ നൂതനമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞില്ല.<br>2.ഖരമാലിന്യപരിപാലന പ്രോജക്ട് ആസൂത്രണം ചെയ്തെങ്കിലും പൂർണമായി നടപ്പായില്ല.<br>3. ആശ്രയ പ്രോജക്ട് ( SCP) നടപ്പാക്കിയില്ല.<br>4.ബസ് സ്റ്റാന്റ് നിർമാണത്തിന് 45 ലക്ഷത്തോളം രൂപ വിനിയോഗിച്ച് സ്ഥലം വാങ്ങിയെങ്കിലും തുടർ നടപടികളില്ല. |

| | |
|---|---|
| മുൻനിർത്തി വ്യവസായ പരിശീലനകേന്ദ്രത്തിന്റെ നിർമാണത്തിന് തുക ചെലവഴിച്ചു.<br>6. ഭരണനവീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് കാര്യാലയത്തിന്റെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കാൻ കഴിഞ്ഞു.<br>7. വിവിധ റോഡുകൾ, അംഗൻവാടികൾ, സ്കൂളുകൾ, ഘടകസ്ഥാപനങ്ങൾ എന്നിവ നവീകരിച്ചു. | |

**2014-15**

| നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| 1) ക്ഷീര-മൃഗ സംരക്ഷണ മേഖലയിൽ<br>കാലിത്തൊഴുത്ത് നിർമാണത്തിനും മുട്ടക്കോഴി വിതരണത്തിനും പ്രോജക്ടുകൾ നടപ്പാക്കി.<br>2)ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിച്ചു.<br>3)രോഗാതുരരായ സാധു ജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ , ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ തൻവർഷവും വിജയകരമായി നടപ്പാക്കി.<br>4)ഘടക സ്ഥാപനങ്ങളും വിവിധ അംഗൻവാടികളും നവീകരിക്കുകയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.<br>5) വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി. | 1.കാർഷിക മേഖലയിൽ നാമമാത്രമായ തുകയാണ് വകയിരുത്തിയതും ചെലവഴിച്ചതും (വാർഷിക പദ്ധതി അടങ്കലിന്റെ കേവലം 0.2 ശതമാനം മാത്രം!!)<br>2.ഗുണഭോക്തൃ പങ്കാളിത്തക്കുറവു മൂലം കാലിത്തൊഴുത്തു നിർമാണം എന്ന പ്രോജക്ട് വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞില്ല.<br>3.സ്ത്രീ ശാക്തീകരണം, സാമൂഹ്യപദവി ഉയർത്തൽ, സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ മുന്നിൽക്കണ്ട് ആവിഷ്ക്കരിച്ച വനിതാ വ്യവസായ പരിശീലനകേന്ദ്രത്തിന്റെ നിർമാണം എങ്ങുമെത്തിയിട്ടില്ല.<br>3.പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി ഫണ്ട് വിനിയോഗത്തിൽ ഗണ്യമായ കുറവുണ്ടായി. SCP, TSP ഫണ്ടുകളുടെ വിനിയോഗം യഥാക്രമം68, 70ശതമാനം ആണ്.<br>4.വാർഷിക പദ്ധതിക്കു വകയിരുത്തിയ ഗ്രാന്റുകളൊഴികെയുള്ള ഫണ്ടുകളുടെ ചെലവു കണക്കുകൾ ക്രോഢീകരിച്ച് സുലേഖ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചെലവു ശതമാനം കൃത്യമായി പ്രതിഫലിപ്പിക്കാൻ കഴിഞ്ഞില്ല.<br>6. ഖരമാലിന്യപരിപാലനത്തിനുവേണ്ടി ലഭിച്ച ശുചിത്വമിഷൻ ഫണ്ട് ഭാഗികമായി മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.<br>7.മാങ്ങാപ്പേട്ടയിൽ സാംസ്ക്കാരികനിലയം നിർമിക്കുന്നതിന് പട്ടികവർഗവികസനവകുപ്പിൽനിന്ന് ലഭിച്ച 14 ലക്ഷം രൂപ ഇപ്പോഴും വിനിയോഗിക്കാനാവാതെ ശേഷിക്കുന്നു.<br>8.വികസന-സേവന മേഖലകളിൽ വിനിയോഗിക്കുന്നതിന് വിവിധ ഏജൻസികളിൽനിന്ന് ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ ശേഷിക്കുന്നു. |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2013-14 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 459406 | 510518 | 51112 | +11.12 |
| നികുതിയേതര വരവുകൾ | 42389 | 46957 | 4568 | +10.77 |
| മറ്റുവരവുകൾ | 10085 | 36305 | 26220 | +259 |
| ആകെ | 511880 | 593780 | 81900 | +15.99 |

2013-14 വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 510518 | 562867 | 52349 | + 10.25 |
| നികുതിയേതര വരവുകൾ | 46957 | 98876 | 51919 | +110.5 |
| മറ്റുവരവുകൾ | 36305 | 30759 | 5546 | -15.27 |
| ആകെ | 593780 | 692502 | 98722 | +16.62 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**2013-14**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12840 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 916662 | 195 |
| വിധവാപെൻഷൻ | 1798850 | 223 |
| വാർദ്ധക്യകാലപെൻഷൻ | 826194 | 231 |
| വികലാംഗപെൻഷൻ | 888738 | 110 |
| അവിവാഹിത പെൻഷൻ | 19479 | 4 |

**2014-15**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26160 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 1583750 | 215 |
| വിധവാപെൻഷൻ | 2318295 | 276 |
| വാർദ്ധക്യകാലപെൻഷൻ | 1901230 | 214 |
| വികലാംഗപെൻഷൻ | 1311779 | 123 |
| അവിവാഹിത പെൻഷൻ | 33810 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.5.2016, 3.30 p.m ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1192 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 2014-15 വർഷം വസ്തു നികുതിയിനത്തിൽ 1132491 രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

**<u>തനതു ഫണ്ട് ചെലവുകൾ</u>**

പരിമിതമായ വരുമാനസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായിട്ടുള്ളത്. റവന്യു ചെലവുകളിൽ വരുന്ന വർദ്ധനവിന് ആനുപാതികമായി വരവ് വർദ്ധിക്കാത്തതിനാൽ റവന്യു കമ്മി പരിഹരിക്കുന്നതിന് മുൻവർഷം സർക്കാരിൽനിന്ന് ഗ്യാപ് ഫണ്ട് സ്വീകരിക്കേണ്ട സാഹചര്യം സംജാതമായി.

ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്,

പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, വാഹനവാടക തുടങ്ങിയവയാണ് പ്രധാന റവന്യൂ ചെലവിനങ്ങൾ.

വരുമാനത്തിലെ പരിമിതി മൂലം സാമ്പത്തിക അച്ചടക്കം പാലിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അത് നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

വെള്ളക്കരം കൃത്യമായി അടവാക്കി വരുന്നുവെങ്കിലും (104 ടാപ്പുകൾക്ക് 04/14 മുതൽ 09/14 വരെ 30,333/-രൂപ നിരക്കിലും 10/14 മുതൽ 45500/-രൂപ നിരക്കിലും) സേവനം ഫലപ്രദമായി ജല അതോറിറ്റി ലഭ്യമാക്കുന്നുണ്ടോയെന്ന കാര്യം സംശയകരമാണ്. 2012-നു ശേഷം സംയുക്ത പരിശോധനയും നടന്നിട്ടില്ല. ഓഡിറ്റ് വർഷങ്ങളിൽ ലക്ഷക്കണക്കിനു രൂപയാണ് വേനൽക്കാലത്ത് ടാങ്കറുകളിൽ ജലമെത്തിക്കുന്നതിന് ചെലവഴിക്കേണ്ടി വന്നത്.

പഞ്ചായത്തിന്റെ ഋണബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതങ്ങളായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതും ഇതിനോടകം ചെലവഴിച്ചതുമായ പല തുകകളും കണക്കുകളിൽ നിലനിർത്തിയിട്ടുണ്ട്.

നിർമൽ പുരസ്ക്കാരത്തുകയുടെ ഒന്നാം ഗഡുവായി 2011-12-ൽ ലഭിച്ച 2,50,000/- ഇനിയും പൂർണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. (31.3.2015-ൽ 1,27,500/-രൂപ ചെലവഴിക്കാൻ ശേഷിക്കുന്നു.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. എന്നാൽ വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ അവരവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ട്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.4.2016 | 2/2016 മുതൽ<br>3/2016 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.1.2009 | 2007-2008 | LBA(HQ)ITPQ/<br>08-09 LBAXII/407 dt.22.12.2008. |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2014-15 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)320700404 എന്ന ഹെഡിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിൽ യഥാർത്ഥത്തിൽ മിച്ചം നിൽക്കുന്ന തുക 107427 രൂപയാണ്. എന്നാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 225000 രൂപയെന്നാണ്.

2)320100115 എന്ന ഹെഡിൽ എസ്.എസ്.എ.അക്കൗണ്ടിൽ 31.03.2015 ൽ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് 433015 രൂപയാണ്. ആയത് 31.03.14 ലെ ബാലൻസാണ്. 31.3.2015 ൽ 454666 രൂപയാണ് ബാലൻസ്.

3)320700104 എന്ന ഹെഡിൽ സംയോജിത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതത്തിൽ നിന്നും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകയിൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 159063 രൂപയെന്നാണ്. എന്നാൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സാംസ്കാരികനിലയം പണിയുന്നതിനായി ലഭിച്ച 275,000 രൂപയാണ് നീക്കിയിരുപ്പുള്ളത്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 4ന് മറുപടിയായി പഞ്ചായത്ത് പരിധിയിൽ വിവിധ കമ്പനികളുടെ നാല് ടവറുകളും ബി.എസ്.എൻ.എൽ-ന്റെ രണ്ട്

ടവറുകൾ അനധികൃതമായും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 04.09.11 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകളിൽ നിന്നും ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാർഡ് | കെട്ടിട നമ്പർ | ഈടാക്കേണ്ട നികുതി |
|---|---|---|---|
| വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്. 35.ച.മീ | 2 | 201 | 35x500=17500 |
| മെസ്സെസ് ഐഡിയ മൊബൈൽ ലിമിറ്റഡ്. 50.ച.മീ | 5 | 37 | 50x500= 25000 |
| ജൻഡഡ് ടവർ എസ്.എൽ അവന്യൂ 45ച.മീ | 10 | 168B | 45x500=22500 |
| റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ചർ.45 ച.മീ | 6 | 418 A | 45x500=22500 |
| ആകെ | | | 87500 |

2013-14, 14-15 വർഷങ്ങളിൽ ടി ഇനത്തിൽ പഞ്ചായത്തിന് 1,75,000/- രൂപ ലഭിക്കുവാനുണ്ട്. ആയത് അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കോരുത്തോട് ഗ്രാമ പഞ്ചായത്തിൽ രണ്ട് ബി.എസ്.എൻ.എൽ ടവറുകൾ അനധികൃതമായി പ്രവർത്തിയ്ക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുന്നതിന് പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടങ്കിലും നാളിതുവരെ ഇവ പ്രവർത്തിക്കുന്നതായാണ് അറിയുന്നത്. ബി.എസ്.എൻ.എൽ. ടവറുകളുടെ പ്രവർത്തനം നിയമവിധേയമാക്കേണ്ടതാണ്. 1,75,000/ രൂപ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പുതിയ നിരക്കിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നികുതി ഈടാക്കുന്നത്. എന്നാൽ ടി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുവാനുള്ള കുടിശ്ശികയെ സംബന്ധിച്ച വ്യക്തത അരിയർ ഡിമാന്റ് രജിസ്റ്ററിൽ നിന്നോ സഞ്ചയ സോഫ്റ്റ്‌വെയറിലോ ലഭ്യമല്ല. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശികയെ സംബന്ധിച്ച വ്യക്തമായ കണക്കില്ല.

മുൻകാല കണക്കുകൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി കണക്കുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-4 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

2013-14 ഒന്നാം അർദ്ധവർഷം താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| സി.കെ.എം. എച്ച്.എസ്.എസ്. കോരുത്തോട് | ജിനുമോൻ പി.എസ്. | 105420 | 1000 | 750 | 250 |
| ജി.റ്റി.യു.പി.എസ്. കൊമ്പുകുത്തി | ബിന്ദുമോൾ വി.വി. | 135714 | 1250 | 1000 | 250 |
| --" -- | അനൂപ് കെ.എസ്. | 135714 | 1250 | 1000 | 250 |
| --"-- | മെറീനാ തോമസ് | 135714 | 1250 | 1000 | 250 |
| --"-- | നിഷാമോൾ വി. ആർ. | 135714 | 1250 | 1000 | 250 |
| --"-- | ഷെയ്ബി കെ.എസ്. | 135714 | 1250 | 1000 | 250 |
| | ആകെ | | | | 1500 |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/27.5.16) ലഭിച്ച മറുപടി തൃപ്തികരമല്ല. മേൽ ജീവനക്കാർക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-5 സ്വകാര്യ ധനവിനിമയസ്ഥാപനം തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും അടവാക്കുന്നില്ല

മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്വകാര്യ ധനവിനിമയ സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ കോരുത്തോട്, മടുക്ക, പനയ്ക്കച്ചിറ, കുഴിമാവ്, 504 കോളനി എന്നീ സ്ഥലങ്ങളിലായി 5 ശാഖകളുണ്ട്. എന്നാൽ വളരെ നാളുകളായി ടി സ്ഥാപനങ്ങളുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും പഞ്ചായത്തിൽ അടവാക്കുന്നില്ല. (ഓഡിറ്റ് റിപ്പോർട്ട് 2011-12, 12-13 ഖണ്ഡിക 2-4(സി)). മേൽ പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/27.5.2016) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നതോടുകൂടി നടപടികൾ അവസാനിപ്പിക്കുന്നതായിട്ടാണ് കാണുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് അധികാരികളും ഭരണസമിതിയും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. നാളുകളായി തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 2-6 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എസ്.ബി.റ്റി.കോരുത്തോട് ശാഖയുടെ 2014-15 സാമ്പത്തികവർഷം രണ്ടാം അർദ്ധവർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.മേൽ പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/27.5.2016) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-7 ഡി & ഒ ട്രേഡ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് സംബന്ധമായ രജിസ്റ്ററുകളും,അപേക്ഷകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ-232(1)).എന്നാൽ 2013-14 സാമ്പത്തികവർഷം 159 സ്ഥാപനങ്ങൾ ലൈസൻസിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ 2014-15 സാമ്പത്തികവർഷം 108 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചത്.ആയതിൽ നിന്നും വളരെയധികം സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് 2014-15 സാമ്പത്തികവർഷം പ്രവർത്തിച്ചിരുന്നതെന്ന് കാണാം. 2013-14 സാമ്പത്തികവർഷം 7 സ്ഥാപനങ്ങളും 2014-15 സാമ്പത്തികവർഷം 10സ്ഥാപനങ്ങളും മാത്രമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനരജിസ്റ്റർ തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും, എല്ലാ സ്ഥാപനങ്ങളും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമല്ലാതെയും, ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 255 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രത്യേകലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു

വിവിധ പദ്ധതികളുടെ നിർവഹണത്തിനായി സർക്കാരും ഇതര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അനുവദിച്ച തുകകൾ പൂർണമായി വിനിയോഗിക്കാതെ തനതുഫണ്ടിന്റെ ഭാഗമാക്കി ഗ്രാമപഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് അനുവദിച്ചതിന്റെ ഉദ്ദേശ്യം | അനുവദിച്ച തുക | നിലവിൽ അവശേഷിക്കുന്ന തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | നിർമ്മൽ പുരസ്ക്കാരം | 2,50,000 | 1,27,500 | 1-ാംഗഡു |
| 2 | പശ്ചിമഘട്ട വികസനപദ്ധതി | 1,00,000 | 52858 | 31.03.16-ൽ ശേഷിക്കുന്ന തുക |
| 3 | ടി എസ് പി കോർപ്പസ് ഫണ്ട് | 14,00,000 | 1505950 | 25.04.2016-ൽ ശേഷിക്കുന്ന തുക |

| | | | | |
|---|---|---|---|---|
| 4 | ഇ.എം.എസ്+ഐ എ വൈ ഫണ്ട്(ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതങ്ങൾ) | 570,000 | 570,000 | 2014-15ധനകാര്യ പത്രിക പ്രകാരമുള്ള കണക്ക്. ഭൂരഹിത ഭവനരഹിത-പുനരധിവാസപദ്ധതിപ്രകാരം അനുവദിച്ചത്. |
| 5 | സംയുക്ത പ്രോജക്റ്റുകൾക്കുള്ള ബ്ലോക്ക് വിഹിതം | 275000+1636+ 150000+75000 | 3,84,063 | 31.3.2016 വരെയുള്ള കണക്കുകൾ പ്രകാരം. |
| 6 | ഉറവിടമാലിന്യസംസ്ക്കരണം | 817125 | 557548 | ---ടി----- |
| 7 | പഞ്ചായത്ത് കെട്ടിടനിർമാണ ഫണ്ട് | 29,00,000 | 138372 | ---ടി----- |
| 8 | എസ്.എസ്.എ | 496000 | 99154 (പലിശ) | 31.3.2016 വരെയുള്ള കണക്കുകൾ പ്രകാരം. |
| | ആകെ | | 3435445 | |

## 1) നിർമ്മൽ പുരസ്ക്കാരം

കേന്ദ്രഗവൺമെന്റിന്റെ 2010-11-ലെ നിർമ്മൽ പുരസ്ക്കാരം ലഭിച്ചതനുസരിച്ച് സമ്മാനത്തുകയുടെ ആദ്യ ഗഡുവായി 2,50,000/- രൂപ ചെക്ക് നം.941372/1.10.2011പ്രകാരം സമ്പൂർണശുചിത്വ മിഷൻ എക്സി.ഡയറക്ടർ മുഖേന ലഭിച്ചിരുന്നു. ഒന്നാം ഗഡുവിന്റെ വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവസാനഗഡു അനുവദിക്കപ്പെടുന്നത്. എന്നാൽ തുക ലഭിച്ച് 4 സാമ്പത്തികവർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്ത് പൂർണമായി ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. (നിലവിലെ നീക്കിയിരുപ്പ് തുക 127500/-). തുക സമയബന്ധിതമായി വിനിയോഗിക്കാതിരുന്നതു മൂലം അവസാനഗഡു നഷ്ടപ്പെട്ടിരിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. മാർഗരേഖയിൽ പരാമർശിക്കുന്ന ആവശ്യങ്ങൾക്ക് പ്രസ്തുത തുക വകയിരുത്തി വിനിയോഗിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 2)പശ്ചിമഘട്ട വികസനപദ്ധതി

കോസടി സ്കൂൾ നടപ്പാലം നിർമാണത്തിനു വേണ്ടി 1,00,000/-രൂപ ഡി.ഡി.നം.308864/13.04.2007-പ്രകാരം ലഭിച്ചിരുന്നു. പ്രസ്തുത തുക സമയബന്ധിതമായി വിനിയോഗിക്കാൻ കഴിഞ്ഞില്ല. 2009-10-ൽ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ 2013-14-ലാണ് പ്രവൃത്തി പൂർത്തീകരിച്ചത്.(ആകെ ചെലവ് 64572 /-രൂപ). ഇതിനോടകം ക്രെഡിറ്റ് ചെയ്ത പലിശയുൾപ്പടെ പ്രസ്തുത പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ (കോരുത്തോട് സർവീസ് സഹകരണബാങ്കിലെ അക്കൗണ്ട് നം.8155 ) നിലവിൽ 52858 /-രൂപ നീക്കി ബാക്കിയുണ്ട്. പ്രോജക്ട് പൂർത്തീകരിച്ചതിനാൽ അവശേഷിക്കുന്ന തുക തിരികെയടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 3) ടി.എസ്.പി കോർപ്പസ് ഫണ്ട്

ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് മാങ്ങാപ്പേട്ട പട്ടികവർഗ്ഗ സങ്കേതത്തിൽ കമ്യൂണിറ്റി ഹാൾ നിർമിക്കുന്നതിന് ടി.എസ്.പി കോർപ്പസ് ഫണ്ടായി 2014-15 സാമ്പത്തികവർഷം കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ മുഖേന ഡി.ഡി നം652166/29.1.15 പ്രകാരം 14,00,000/-രൂപ ലഭിക്കുകയുണ്ടായി. കെട്ടിടം നിർമിക്കുന്നതിന് പുഞ്ചവയലിൽ ഒരു സ്വകാര്യ വ്യക്തി സ്ഥലം വിട്ടു നൽകാൻ സന്നദ്ധനായെങ്കിലും പ്രസ്തുത സ്ഥലം ഒന്നര സെന്റ് മാത്രം വിസ്തൃതിയുള്ളതും കെട്ടിടം നിർമിക്കുന്നതിനനുയോജ്യമല്ലാത്ത ആകൃതിയിലുള്ളതുമാകയാൽ നിർമാണം നടന്നില്ല . സ്ഥല ലഭ്യത സാധ്യമാകാത്തതിനാൽ നാളിതുവരെ നിർമാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ടി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.റ്റി കോരുത്തോട് ശാഖയിലെ അക്കൗണ്ട് നം.67007676440) നിലവിൽ 15,05,950/-രൂപ നീക്കിയിരുപ്പുണ്ട്. തുക നിശ്ചിത സമയപരിധിക്കുള്ളിൽ വിനയോഗിക്കാത്തതിനാൽ തിരികെയടയ്ക്കാൻ ഇതിനിടെ പ്രോജക്ട് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായി സ്ഥലം കണ്ടെത്താൻ കഴിയാതിരുന്നതുവഴി പട്ടികവർഗ്ഗക്കാർക്ക് ഒന്നിച്ചുകൂടുന്നതിനും അവരുടെ പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേദിയാകാൻ കഴിയുമായിരുന്ന ഒരു കെട്ടിടത്തിന്റെ നിർമാണം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ലഭ്യമായ തുക നഷ്ടപ്പെടുത്താതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 4)ഐ.എ.വൈ അധികധനസഹായം/ഇ.എം.എസ് ഭവന പദ്ധതി വിഹിതം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 07.11.2009-ലെ ജി.ഒ(എം എസ്)നം.207/2009 നമ്പർ ഉത്തരവ് അനുസരിച്ച്, ഇ.എം.എസ്.ഭവനപദ്ധതിപ്രകാരം വീട് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം കണ്ടെത്തി വാങ്ങുന്ന ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കൾക്ക്, വസ്തുവിന്റെ ആധാരത്തിലെ യഥാർത്ഥ മുദ്രവില സർക്കാർ ആദ്യം നിശ്ചയിച്ച സബ്സിഡിതുകയിൽ അധികരിക്കുന്ന പക്ഷം അധികം വരുന്ന തുക (പരമാവധി 10000/-രൂപ ) ഐ.എ.വൈ -യിൽനിന്ന് നൽകാവുന്നതാണ്. ഇപ്രകാരം ധനസഹായം അനുവദിക്കുന്നതിന് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തു മുഖേന 30000/-രൂപയും (ചെക്ക് നം.200395/22.05.2012) ജില്ലാപഞ്ചായത്ത് വിഹിതമായി 240000/-രൂപ ദാരിദ്ര്യ ലഘൂകരണവിഭാഗം കോട്ടയം ഘടകം മുഖേനയും (ചെക്കു്നം.761627/12.1.2011) ലഭിച്ചിരുന്നു. പ്രസ്തുത തുകകൾ യഥാകാലം തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും അർഹരായ

ഗുണഭോക്താക്കളുടെ അഭാവത്തിൽ നാളിതുവരെ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഇതോടൊപ്പം ഇ.എം.എസ് ഭവനപദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽനിന്ന് 300,000/-രൂപ (ഡി.ഡി.നം.521919/12.6.12)} ലഭിച്ചതും വിനിയോഗിക്കാതെ സൂക്ഷിക്കുന്നതായാണ് 2014-15ധനകാര്യപത്രികയിൽനിന്ന് വ്യക്തമാകുന്നത് ( ബി-4 പത്രിക).

2014-15 സാമ്പത്തികവർഷാവസാനം ഇ.എം.എസ്.ഭവനപദ്ധതി ലോൺ അക്കൗണ്ടിൽ 40,46,275/-രൂപ ബാധ്യതയുണ്ട്. അനുവദിക്കപ്പെട്ട തുകയ്ക്ക് നിലവിൽ വിനിയോഗസാധ്യതയില്ലാത്തതിനാൽ, അത് പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നതിന് ചെലവഴിക്കാവുന്നതാണ്. തുടർന്നുള്ള വർഷത്തെ പ്രോജക്ട് ആസൂത്രണവേളയിൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

**5) സംയുക്തപ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം**

ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതും വിനിയോഗിക്കാൻ ശേഷിക്കുന്നതുമായ തുകകളുടെ വിശദവിവരം ചുവടെ വിവരിക്കുന്നു.

| ക്രമ നം. | സംയുക്ത പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക | ഡി.ഡി.നം./തീ. | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | കുഴിമാവ് അംബേദ്കർ സാംസ്കാരിക നിലയം നിർമാണം | 275000 | 00 | 275000 | 299465/<br>12.3.10 | |
| 2 | അനുപൂരക പോഷകാഹാര പദ്ധതി ബ്ലോക്ക് വിഹിതം | 2,00,000 | 1,98,364 | 1,636 | 076556/<br>10.10.11 | |
| 3 | വികലാംഗ കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | 00 | 75000 | 380808/<br>30.3.15 | |
| 4 | പാലിയേറ്റീവ് കെയർ പ്രോജക്ട് | 150000 | 117573 | 32427 | രസീത് നം.<br>11401600001/25.11.14 | |
| | ആകെ | | | 384063/-രൂപ | | |

ക്രമനം 1,2 എന്നിവ പ്രകാരമുള്ള 2,76,636/- രൂപ മുൻവർഷങ്ങളിൽ ലഭിച്ച് വിനിയോഗിക്കാതെ ശേഷിച്ച തുകകളാണ്. "മൂലധന ആസ്തി" നിർമാണത്തിനുള്ള വിഹിതമായാണ് പ്രസ്തുത തുകകൾ പരിഗണിച്ചത്. എന്നാൽ 1636/-രൂപ ഈ ഗണത്തിൽപെടുന്ന തുകയല്ല എന്ന് കാണാവുന്നതാണ്. ടി തുകയോടൊപ്പം രണ്ടു പ്രോജക്ടുകൾക്ക് 225000/-രൂപ (150000+75000) തൻവർഷം ലഭിച്ചു. "റവന്യു ചെലവിനു " വിനിയോഗിക്കേണ്ട പ്രസ്തുത വിഹിതം നിലനിർത്തി മൂലധന ആസ്തികൾക്കുള്ള വിഹിതത്തിൽനിന്ന് ചെലവഴിച്ചതായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. അക്കൗണ്ടിംഗിൽ സംഭവിച്ച പിഴവ് പരിഹരിക്കേണ്ടതാണ്. കൂടാതെ ക്രമ.നം.2 പ്രകാരം നീക്കിയിരിപ്പുള്ള 1636/-രൂപ സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

**6) ഉറവിടമാലിന്യസംസ്കരണം**

ഉറവിടമാലിന്യസംസ്കരണപരിപാടിയുടെ നടത്തിപ്പിനായി സമ്പൂർണ ശുചിത്വമിഷൻ വിഹിതമിനത്തിൽ കോട്ടയം ജില്ലാ കോർഡിനേറ്റർ മുഖേന 817125/-രൂപ ലഭിച്ചിരുന്നു.(ചെക്ക്.നം.578182/23.4.2013 ). ബയോഗ്യാസ് പ്ലാന്റിനുള്ള സബ്സിഡിയിനത്തിൽ കേവലം 259577/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഫലത്തിൽ 557548/-രൂപ നഷ്ടപ്പെടുന്ന സ്ഥിതി വിശേഷമാണുള്ളത്. ഉറവിട മാലിന്യസംസ്കരണത്തിന് ഏറെ പ്രാധാന്യം നൽകി സർക്കാർ അനുവദിച്ച തുക കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കോളനികളിലും മറ്റു സെറ്റിൽമെന്റു കേന്ദ്രങ്ങളിലുമായി നാമമാത്രമായ സ്ഥലത്ത് വീടു വെച്ച് താമസിക്കുന്ന ബഹു ഭൂരിപക്ഷം ജനങ്ങൾക്ക് അവരുടെ ഖരമാലിന്യപ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരമാകുമായിരുന്നു. എന്നാൽ പദ്ധതി നിർവഹണത്തിലെ പാളിച്ച മൂലം, അനുവദിക്കപ്പെട്ട തുകയുടെ സിംഹഭാഗവും നഷ്ടപ്പെടുന്ന സ്ഥിതി വിശേഷമാണുള്ളത്. സർക്കാർ അനുമതിയോടെ സമാന പ്രോജക്ടുകൾക്കായി തുടർന്നുള്ള വർഷം വിനിയോഗിക്കുകയോ അനുതി ലഭിക്കാത്തപക്ഷം തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

**7) പഞ്ചായത്ത് കെട്ടിടനിർമാണ ഫണ്ട്**

2005-ൽ പുതുതായി രൂപികരിച്ച കോരുത്തോട് ഗ്രാമപഞ്ചായത്ത്, താത്ക്കാലികമായി അതിന്റെ പ്രവർത്തനം ആരംഭിച്ചത് കോരുത്തോട് ടൗണിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്ത്, ഗ്രാമവികസന ബോർഡ് ധനസഹായത്തോടെ നിർമിച്ച ഷോപ്പിംഗ് കോംപ്ലക്സിലാണ്. ഉചിതമായ സ്ഥലം കണ്ടെത്തി വാങ്ങുന്നതിനും അതിൽ കാര്യാലയം നിർമിക്കുന്നതിനുമായി സർക്കാർ 29,00,000/-രൂപ പ്രത്യേക ഗ്രാന്റായി അനുവദിച്ചിരുന്നു (സ്ഥലം വാങ്ങൽ 6,00,000 + കെട്ടിടനിർമ്മാണം 23,00,000) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജി.ഒ(ആർടി)നം.982/2008 തീയതി 29.3.2008 കെട്ടിടനിർമാണത്തിന് 2008-09-ൽ കണ്ടത്തി വാങ്ങിയ സ്ഥലം പ്രസ്തുത ആവശ്യത്തിന് അനുയോജ്യമല്ലാതെ വന്നതിനാൽ ഏറെക്കാലം പ്രസ്തുത തുക വിനിയോഗിക്കാതെ സൂക്ഷിച്ചശേഷം 2012-13-ൽ നിലവിൽ പഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധമായി കെട്ടിടം നിർമിക്കുവാൻ പ്രോജക്ട് ആസൂത്രണം ചെയ്തു. ഇതു പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 31.3.2016-ൽ പ്രസ്തുത ഗ്രാന്റിനത്തിൽ 138372/-രൂപ ശേഷിക്കുന്നു.

**8) എസ്.എസ്.എ**

കൊമ്പുകുത്തി, പനയ്ക്കച്ചിറ, കോസടി ഗവ.യു.പി.സ്കൂളുകൾക്ക് അധീഷണൽ ക്ലാസ് മുറികളും ഓഫീസ് മുറികളും നിർമിക്കുന്നതിന് ആകെ 496000/-രൂപ എസ്.എസ്.എ പ്രോജക്ട് ഓഫീസർ മുഖേന ലഭ്യമായി

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | ലഭിച്ച തുക | ഡി.ഡി.നം/തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഗവ.ട്രൈബൽ യു.പി.എസ് കൊമ്പുകുത്തി | 124000 | 358775/6.8.10 | |
| 2 | ജി.യു.പി.എസ് പനയ്ക്കച്ചിറ | 124000 | ---ടി--- | |
| 3 | ഗവ.ട്രൈബൽ യു.പി.എസ് കൊമ്പുകുത്തി | 124000 | ചെക്ക് നം. 729429/1.7.13 | |
| 4 | ഗവ.ട്രൈബൽ യു.പി.എസ് കോസടി | 124000 | ചെക്ക് നം. 471210/29.12.12 | |
| | ആകെ | 496000 | | |

ആകെ ലഭിച്ച തുകയിൽനിന്ന് 298719/- രൂപയാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിനായി കോരുത്തോട് സർവീസ് സഹകരണ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ (നം.8348) പലിശയുൾപ്പടെ ശേഷിച്ച തുകയിൽനിന്ന് അലോട്ട്മെന്റായി ലഭിച്ച 248000/-രൂപ തിരികെ നൽകി. 31.3.2016-ൽ പ്രസ്തുത അക്കൗണ്ടിൽ പലിശയായി 99154/-രൂപ നീക്കിയിരിപ്പുണ്ട്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗവിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അടിസ്ഥാനസൗകര്യമൊരുക്കാൻ ലഭിച്ച തുക പാഴാക്കിക്കളഞ്ഞ നടപടി ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല.ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശനനടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ സമാന പ്രോജക്ടുകളൊന്നും നിലവിലില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി സർക്കാർ ഉപരി തലത്തിലുള്ള പഞ്ചായത്തുകൾ മുഖേനയും ഇതര ഏജൻസികൾ വഴിയും ലഭ്യമാക്കുന്ന ഫണ്ടുകൾ സ്വീകരിച്ച ശേഷം യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിക്കുകയും ശമ്പളം പോലുള്ള റവന്യൂ ചെലവുകൾക്ക് യഥേഷ്ടം വകമാറ്റുകയും ചെയ്യുന്ന നടപടി പദ്ധതി നടത്തിപ്പിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കോരുത്തോട് സർവീസ് സഹകരണ ബാങ്കിലുള്ള തനതു ഫണ്ട് അക്കൗണ്ടിൽ (നം7234) ക്രെഡിറ്റ് ചെയ്തതും വിനിയോഗിക്കാൻ ശേഷിക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക(ബാങ്ക് അക്കൗണ്ട്) | വിനിയോഗിച്ചിട്ടില്ലാത്ത തുക |
|---|---|---|---|
| 1 | നിർമൽ പുരസ്ക്കാരം | 250000 | 127500 |
| 2 | ഇ.എം.എസ്, ഐ.എ.വൈ എന്നിവയ്ക്കുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 570000 | 570000 |
| 3 | ഉറവിട മാലിന്യ സംസ്ക്കരണം | 817125 | 557548 |
| | ആകെ തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്തതിൽ വിനിയോഗിക്കാൻ ശേഷിക്കുന്ന തുക | 1255048 | |
| | തനതു ഫണ്ടിന്റെ 31.3.16ലെ നീക്കി ബാക്കി | 681900 | |
| | ഗ്രാന്റുകളിൽനിന്ന് റവന്യൂചെലവുകൾക്ക് വകമാറ്റിയ തുക | 573148 | |

സർക്കാർ ഗ്രാന്റ് തുകകൾ തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത് യഥേഷ്ടം വകമാറ്റിയ നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ 12.4.2006-ലെ ജി.ഒ(പി)നം.177/2006 പ്രകാരമുള്ള പുതുക്കിയ ബിൽ സമ്പ്രദായം, തദ്ദേശസ്വയംഭരണവകുപ്പിന്റെ 18.8.2012-ലെ ജി.ഒ(എംഎസ്)നം.225/2012, 16.11.2013-ലെ ജി.ഒ.(എംഎസ്)നം.362/2013 എന്നിവ പ്രകാരം പുറപ്പെടുവിച്ച 12-ാംപദ്ധതി മാർഗരേഖകൾ പ്രകാരം സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട് വിഹിതങ്ങൾ ചെലവഴിക്കാതെ സ്വകാര്യ അക്കൗണ്ടിൽ ഏറെക്കാലം സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ വികസനഫണ്ടിനത്തിൽ ലഭിച്ച തുകകളിൽ വിനിയോഗ സാധ്യതയില്ലാത്ത തുകകൾ അടിയന്തിരമായി സർക്കാരിലേക്ക് തിരികെയടയ്ക്കേണ്ടതാണ്. അതോടൊപ്പം ഇതര ഏജൻസികളിൽ നിന്ന് ലഭിച്ച തുകകളും താമസംവിനാ ക്രമീകരിക്കേണ്ടതാണ്. ഗൗരവമേറിയ പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങൽ-പദ്ധതി പണത്തിന്റെ പാഴ്ചെലവ്

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് നിർമിക്കുന്നതിനു 2012-13, 13-14 സാമ്പത്തിക വർഷങ്ങളിൽ എരുമേലി വടക്കു വില്ലേജിൽപ്പെട്ട 41.35 സെന്റ് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട പരാമർശം 2011-12,12-13വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു.(ഖണ്ഡിക 3-1). പ്രസ്തുത വിഷയത്തിൻമേൽ വിജിലൻസ് അന്വേഷണം

നടക്കുന്നതായാണ് പഞ്ചായത്ത് ആദ്യ മറുപടി നൽകിയിട്ടുള്ളത്. ടി അന്വേഷണത്തിലെ തീർപ്പ്, വസ്തു അളന്നു തിരിക്കുന്നതിനു സ്വീകരിച്ച നടപടികൾ, ബസ് സ്റ്റാന്റ് നിർമാണപുരോഗതി, എന്നിവ ഉൾപ്പടെയുള്ള തത്സ്ഥിതി വിശദാംശങ്ങൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് വേളയിൽ കുറിപ്പ് (നം.8) നൽകിയിരുന്നു. വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ടി സ്ഥലത്ത് പഞ്ചായത്ത് നിർമാണപ്രവൃത്തികളൊന്നും നടത്തിയിട്ടില്ലായെന്നും കേസ് തീർപ്പാക്കിയതു സംബന്ധിച്ച് അറിയിപ്പൊന്നും വിജിലൻസ് വകുപ്പിൽനിന്ന് ലഭിച്ചിട്ടില്ലായെന്നും സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ശബരിമല തീർത്ഥാടകർക്ക് വിശ്രമ സങ്കേതം എന്ന പേരിൽ ഒരു കെട്ടിടം 12ലക്ഷം രൂപ വിനയോഗിച്ചു നിർമിച്ചിട്ടുള്ളതായി കണ്ടു. ഇതിനുവേണ്ടി കോരുത്തോട് ഗ്രാമപഞ്ചായത്ത് അനുമതിയും 2,50,000/-രൂപ വിഹിതവും നൽകിയതിനു ശേഷമാണ് (ഡി.ഡി.നം.224608/23.2.2015) മേൽപ്രസ്താവിച്ച രീതിയിൽ മറുപടി സമർപ്പിച്ചതെന്നത് ശ്രദ്ധേയമായ വസ്തുതയാണ്. പ്രസ്തുത കെട്ടിടം പ്രധാന റോഡിൽനിന്ന് 200 മീറ്ററോളം ഉള്ളിലായി നിർമിച്ചിട്ടുള്ളതിനാലും അതിലേക്ക് എത്തുന്നതിന് ദിശാബോർഡുകളൊന്നും സ്ഥാപിച്ചിട്ടില്ലാത്തതിനാലും നാളിതുവരെ അയ്യപ്പഭക്തരൊന്നും ഇവിടേയ്ക്ക് എത്തിയിട്ടില്ല. കെട്ടിടത്തിന്റെ 2 മുറികളും താഴിട്ട് ബന്ധിച്ചിട്ടുള്ളതിനാൽ തീർത്ഥാടകർ എത്തിയാൽപോലും കെട്ടിത്തിനുള്ളിൽ പ്രവേശിക്കാൻ കഴിയില്ല. കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാക്കിയെങ്കിലും അനുബന്ധമായി പണികഴിപ്പിച്ച ശൗചാലയത്തിൽ ജലലഭ്യത ഉറപ്പാക്കിയിട്ടില്ല.അവയുടെ ഫൈബർ നിർമിത വാതിലുകൾ തകർത്ത നിലയിലുമാണ്.നിലവിൽ പ്രസ്തുത കെട്ടിടത്തിന്റെ പരിസരം സാമൂഹ്യ വിരുദ്ധരുടെയും മദ്യപൻമാരുടെയും വിഹാരകേന്ദ്രമായി പരിണമിച്ചിരിക്കുന്നുവെന്ന് ചിതറിക്കിടക്കുന്ന മദ്യക്കുപ്പികളും വെള്ളക്കുപ്പികളും വെളിവാക്കുന്നു. ബസ് സ്റ്റാന്റ് പണിയുന്നതിന് വാങ്ങിയ സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടുകൂടി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമിച്ച് നിഷ്ക്രിയ ആസ്തിയാക്കി ഉപേക്ഷിച്ചിട്ടും മേൽപ്രസ്താവിച്ച മറുപടി സമർപ്പിച്ച നടപടി അംഗീകരിക്കാവുന്നതല്ല. പട്ടികവസ്തു അളന്നു തിട്ടപ്പെടുത്തിയതായി മറുപടിയിൽ വിശദീകരിക്കുന്നുവെങ്കിലും അതിരുകല്ലുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടില്ല. സമീപത്തുള്ള ഭൂവുടമകൾ അവരുടെ സ്ഥലം മുള്ളവേലി കെട്ടിത്തിരിച്ചിട്ടുണ്ട്. വേണ്ടത്ര വീതിയിൽ വഴി ലഭ്യമല്ലാത്തതിനാൽ ബസ് സ്റ്റാന്റ് നിർമാണം വിദൂര സ്വപ്നം മാത്രമായി പരിണമിക്കാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. ബസ്റ്റാന്റിന് വാങ്ങിയ സ്ഥലത്ത് ഇത്തരത്തിൽ കെട്ടിടനിർമാണംകൂടി നടപ്പായത് സ്റ്റാന്റ് നിർമാണത്തിന് എന്തെങ്കിലും സാധ്യത തെളിയുന്നപക്ഷം സ്ഥലവിസ്തൃതിക്ക് പരിമിതിയുണ്ടാക്കുമെന്നും തീർച്ചയാണ്. തീർത്ഥാടക പാതയിൽ അയ്യപ്പൻമാർക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലങ്ങൾ ഏറെയുണ്ടായിരിക്കെ ബസ് സ്റ്റാന്റിനു വാങ്ങിയ സ്ഥലം തന്നെ കെട്ടിടം നിർമിക്കാൻ തെരഞ്ഞെടുത്ത സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. സർവോപരി, സ്ഥലം വാങ്ങലിനും കെട്ടിടനിർമാണത്തിനുമായി വിനിയോഗിച്ച അരക്കോടിയിലധികം രൂപ പൊതുജനങ്ങൾക്കു പകരം സാമൂഹ്യവിരുദ്ധർക്കും മദ്യപൻമാർക്കും മാത്രം പ്രയോജനം ചെയ്യുന്ന പാഴ്ച്ചലവായി പരിണമിച്ചുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉചിതമായ തുടർ നടപടികൾക്കായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-3 സെക്രട്ടറി ശ്രീ.കെ.ബി.മുകുന്ദലാലിന് സെക്രട്ടറി തസ്തികയിലെ ശമ്പളം നിജപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുടിശിക ശമ്പളം നൽകിയപ്പോൾ അധികം നൽകിയിരിക്കുന്നു.

വൗച്ചർ നം.86 5/13 തുക -11232 ചെക്ക് നം.7489 തീ.15.5.13

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.04.2015 ലെ ഇ 1-3845/13 ഉത്തരവ് പ്രകാരം സെക്രട്ടറി ശ്രീ.കെ.ബി.മുകുന്ദലാലിന് 18740 -33680 ശമ്പള സ്കെയിലിൽ 12.12.2011 ൽ 24040 രൂപയായി ശമ്പളം നിജപ്പെടുത്തിയിരുന്നു. ടിയാൾക്ക് കുടിശിക ശമ്പളം നൽകിയപ്പോൾ അധികം തുക നൽകിയിട്ടുണ്ട്. ടിയാൾ 28.01.13 AN ലാണ് കോരുത്തോട് പഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. എന്നാൽ ടിയാൾക്ക് 18.01.13 മുതലാണ് കുടിശിക ശമ്പളം നൽകിയിട്ടുള്ളത്. 18.1.13 മുതൽ 30.4.13.വരെ കുടിശിക ശമ്പളം നൽകിയത് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ കൗണ്ടർ സൈൻ ചെയ്യിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.1) നൽകിയതിന് മറുപടിയായി 18.01.2013 ലെ യാത്രാകാലയളവ് ഒഴിവാക്കി 19.01.13 മുതൽ 28.01.13 വരെയുള്ള കാലയളവ് പരിവർത്തിതാവധി ആയി ക്രമവൽക്കരിച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു. അധികം നൽകിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 12.12.2011 ൽ ശമ്പളം | : 24040 |
| 01.12.2012 ൽ ശമ്പളം (ഇൻക്രിമെന്റ്) | : 24660 |
| ലോവർ സെകയിലിൽ 1.12.2012 ൽ ശമ്പളം | : 22920 |
| 28.1.13-30.4.13 വരെ അർഹമായ ശമ്പളം @1740 | : 6004+ഡി.എ.53% =6004+3182=9186 |
| ശമ്പള ബിൽ പ്രകാരം നൽകിയ തുക | : 7746+3486=11232 |
| അധികം നൽകിയ തുക | : 11232- 9186=2046രൂപ |

കുടിശിക ശമ്പളം നൽകിയപ്പോൾ അധികമായി 2046/- രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-4 തെരുവു വിളക്കുകൾ സ്ഥാപിച്ച വിശദാംശങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം.എസ്100/15

നിർവഹണ ഉദ്യോഗസ്ഥൻ : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തെരുവു വിളക്കുകളുടെ ശൃംഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി തൻവർഷം എസ്.100/15 നമ്പർ പ്രോജക്ട് പ്രകാരം കെൽട്രോണിൽനിന്ന് 20W, 230V AC LED വിളക്കുകൾ 60 എണ്ണം 5150/-രൂപ നിരക്കിൽ വാങ്ങി. ആകെ വില 309000/-രൂപയാണെങ്കിലും തൻവർഷത്തെ ഫണ്ട് വകയിരുത്തലിൽ പരിമിതപ്പെടുത്തി 2,00,000/-രൂപയാണ് വിതരണ ഏജൻസിക്ക് കൈമാറിയത്.(ഡി.ഡി.നം.223406/12.12.2014). [ബാക്കി തുക 109000/-രൂപ 2015-16വാർഷികപദ്ധതിയിലെ എസ് 027/16 പ്രകാരം ( ഡി.ഡി.നം.9560203/19.10.2015) നൽകുകയും ചെയ്തു.]. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്ഥാപിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. ആകയാൽ തൻവർഷത്തെ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തെരുവു വിളക്കുകൾ സ്ഥാപിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽനിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വർഷങ്ങളിലെ നിർവഹണം സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ സമാഹരിക്കുന്നു.

| 2013-14 | 2014-15 |
|---|---|
| • 2064പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്.<br>• ഇവരിൽ 1741 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.<br>• 57.77ലക്ഷം രൂപഅടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.<br>• സാങ്കേതികാനുമതി ലഭിച്ച 195 പ്രോജക്ടുകളിൽ 162 എണ്ണം) തൻവർഷം നടപ്പാക്കി.<br>• ഇവയിലൂടെ 48296 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br>• 15 കുടുംബങ്ങൾക്ക് തൻവർഷം 100തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. 959കുടുംബങ്ങൾക്ക് അൻപതിൽത്താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് പ്രദാനം ചെയ്യാൻ കഴിഞ്ഞത്.<br>• നീർത്തടാധിഷ്ഠിത പ്രോജക്ടുകളാണ് പ്രധാനമായും തൻവർഷം ഏറ്റെടുത്തത്. | • 2676പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്<br>• ഇവരിൽ 1687 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.<br>• 94.47ലക്ഷം രൂപഅടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.<br>• സാങ്കേതികാനുമതി ലഭിച്ച 159 പ്രോജക്ടുകളിൽ144 എണ്ണം തൻവർഷം നടപ്പാക്കി.<br>• ഇവയിലൂടെ 30314തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br>• 02കുടുംബങ്ങൾക്ക് തൻവർഷം 100തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. 1231 കുടുംബങ്ങൾക്ക് അൻപതിൽത്താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് പ്രദാനം ചെയ്യാൻ കഴിഞ്ഞത്.<br>• നീർത്തടാധിഷ്ഠിത പദ്ധതി-ജൈവ പുതയിടൽ, തെങ്ങിൻതടം നിർമാണം, റബ്ബർ പ്ലാറ്റ് ഫോം , ഇടക്കയ്യാല, ജൈവ വേലിനിർമാണം , വീടിനു ചേർന്നുള്ള മൺതിട്ട നിരപ്പാക്കൽ, തോട് ആഴം കൂട്ടൽ, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.<br>• രേഖകളും കണക്കുകളും തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. |

പ്രസ്തുത വർഷങ്ങളിലെ വരവു-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 14587 | 00 |
| വരവ് | 5807827 | 9455064 |
| ആകെ | 5822414 | 9455064 |
| ചെലവ് | 5822414 | 9455064 |
| നീക്കിയിരിപ്പ് | 00 | 00 |

ചെലവിന്റെ വിശദാംശങ്ങൾ

| ചെലവിനം | 2013-14 | 2014-15 |
|---|---|---|
| വേതനം | 5250100 | 8983996 |
| സാധനസാമഗ്രികൾ | 180580 | 128981 |
| എസ്റ്റാബ്ലിഷ്മെന്റ് | 290066 | 342087 |
| ഇതരയിനങ്ങൾ | 101668 | -- |
| ആകെ | 5822414 | 9455064 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2013-14

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | ഇല്ല | | | |

2014-15

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 150,000 | പാലിയേറ്റീവ് കെയർ | 117,573 | 32,427 |
| --ടി-- | 2014-15 | 75,000 | വികലാംഗ കുട്ടികൾക്ക് സ്കോളർഷിപ്പ് | 75,000 | 75,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

2013-14

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | അഭിപ്രായ ക്കുറിപ്പുകൾ |
|---|---|---|---|---|---|---|
| ജില്ലാപ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | എസ്.എസ്.എ. വിഹിതം നൽകൽ(ജനറൽ)<br>എസ്.സി.പി<br>ടി.എസ്.പി | 203841തീ. 30.08.2013<br>203847 തീ.30.08.2013<br>2203843 തീ.30.08.13 | 200,000<br>165989<br>50,000 | –<br>–<br>--- | 200,000<br>165989<br>50,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| ഭൂഗർഭ ജലവകുപ്പ്, ജില്ലാ ഓഫീസ് കോട്ടയം | കുഴൽകിണർ നിർമ്മാണം | 509400/ 27.11.2013 | 76500 | ---- | 765000 | -ടി-- |
| “ | 116 പാഴൂർപടി കുഴൽകിണർ നിർമ്മാണം വാർഡ് 6 | 756616 / 25.3.14 | 80,000 | ---- | 80,000 | ടി- |
| കേരള വാട്ടർ അതോറിറ്റി | പൊൻനിലം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 6 | 509408/ 27.11.13 | 95000 | --- | 95000 | -'ടി- |

2014-15

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|---|
| ജില്ലാപ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | എസ്.എസ്.എ. വിഹിതം നൽകൽ(ജനറൽ)<br>എസ്.സി.പി<br>ടി.എസ്.പി | 758459/ 13.8.14<br>758458/13.8.14<br>758454/13.8.14 | 200000<br>140282<br>100,000 | | 200000<br>140282<br>100,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | അയ്യപ്പഭക്തന്മാർക്ക് ഇടത്താവളം | 224608/ 23.2.15 | 250,000 | | 250,000 | -----ടി----- |
| ഭൂഗർഭജലവകുപ്പ്, കോട്ടയം | 12-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം | 223495/18.12.14 | 83617 | | 83617 | --ടി-- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2013-14-ൽ പഞ്ചായത്തിന് 37500/-വായ്പയിനത്തിൽ രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | 2013-14 വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം സ്വീകരിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനവായ്പ | ജി.ഒ.(ആർ.ടി).നം. 823/10/ത.സ്വ.ഭ.വ | 1,29,27,300 | 7070263 | 37500 | 16,40,088 | 398694 | 5467675 |

2014-15

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | 2014-15 വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ.ആർ.ടി.നം.823/10/ത.സ്വ.ഭ.വ | 12927300 | 5467675 | 1421400 | 483817 | 4046275 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം-ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39374680 | 52363392 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44508542 | 41505296 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2046 | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 200000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 2046 | ശ്രീ.കെ.ബി.മുകുന്ദലാൽ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 200000 | ശ്രീ.എച്ച്.മുഹമ്മദ് സലീം. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**-ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ബി.മുകുന്ദലാൽ, സെക്രട്ടറി | കൈലാസത്ത്, പടിഞ്ഞാറെമുറി, വൈക്കം | കൈലാസത്ത്, പടിഞ്ഞാറെമുറി, വൈക്കം |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.പി.9-53/08 തീ.10.11.2008 | 4 | |
| 2006-07 | എൽ.എഫ്.കെ.പി.9-54/08 തീ.20.04.08 | | |
| 2007-08 | എൽ.എഫ്.കെ.പി.13-1613/12/തീ.14.01.13 | 4 | |
| 2008-09 | എൽ.എഫ്.കെ.പി.13-577/14, 20.08.14 | 8 | |
| 2009-10&2010-11 | എൽ.എഫ്.കെ.പി.13-999/2014, 13.10.14 | 16 | |
| 2011-12&2012-13 | കെ.എസ്.എ-കെ.ടി.എം.പി 13/1683/2015/6.01.16 | 26 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം 2013-14

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷങ്ങളിലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം

## അനുബന്ധം-2
## ഓഡിറ്റ് സാക്ഷ്യപത്രം 2014-15

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷങ്ങളിലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം